

*ദേശീയ യാത്രയോടനുബന്ധിച്ച് ഹൈദറാബാദിൽ സംഘടിപ്പിച്ച റാലിയെ അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി അഭിസംബോധന ചെയ്യുന്നു*

# ആത്മവിശ്വാസവും ആവേശവും പകർന്ന ദേശീയ ജാഥകൾ

കവർസ്റ്റോറി

**എം. സാജിദ്**

**ഭീകരാക്രമണങ്ങളും** വർഗീയ വിഷക്കാറ്റും തിമിർത്താടിയ നഗരങ്ങളിലും ഗ്രാമങ്ങളിലും നീതിയുടെയും സമാധാനത്തിന്റെയും ശാന്തിദൂതുമായി കടന്നെത്തിയ ദേശീയ ജാഥ രാജ്യചരിത്രത്തിൽ തന്നെ വേറിട്ട അധ്യായം തുന്നിച്ചേർത്തു. ജമാഅത്തെ ഇസ്‌ലാമി ഹിന്ദിന്റെ ഉന്നത സാരഥികൾ നയിച്ച രണ്ടു യാത്രകൾ ഇന്ത്യയുടെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലുടെയും കടന്നുപോയി. രാജ്യത്തെ വലുതും ചെറുതുമായ നഗരങ്ങളിലും പട്ടണങ്ങളിലും നീതിയുടെ സന്ദേശമുയർത്തിയ ജാഥ അനീതിയുടെയും അതിക്രമങ്ങളുടെയും കരങ്ങളെ തൊട്ടുകാണിച്ചു. പതിതരും അവശരും ശബ്ദമില്ലാത്തവരുമായ ലക്ഷങ്ങൾക്ക് ആത്മവിശ്വാസവും കരുത്തും ആവശേവും പകർന്നു നൽകാൻ ജാഥകൾക്ക് കഴിഞ്ഞു.

നവംബർ 10ന് ന്യൂദൽഹിയിൽനിന്നാണ് ഇരു ജാഥകളും ആരംഭിച്ചത്. ദൽഹി നിസാമുദ്ദീനിലെ ഗാലിബ് അക്കാദമിയിൽ നടന്ന ലളിതവും പ്രൗഢ ഗംഭീരവുമായ പൊതുസമ്മേളനത്തിൽ വെച്ചായിരുന്നു ജാഥകളുടെ ഫ്ളാഗിംഗ് ഓഫ്. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ ജലാലുദ്ദീൻ അൻസ്വർ ഉമരി മുഖ്യപ്രഭാഷണം നടത്തി. നാട്ടിൽ നീതിയും സമാധാനവും നിലനിൽക്കേണ്ടത് ഇസ്‌ലാമിന്റെ തന്നെ താൽപര്യമാണെന്ന് അദ്ദേഹം ഉണർത്തി. സ്വാതന്ത്ര്യവും നീതിയും സമാധാനവും പുലർന്നാലേ ജനാധിപത്യം അർഥവത്താവൂ. അവശതയനുഭവിക്കുന്നവരോടാണ് നമ്മുടെ ചായ്‌വ്. വർഗീയ, ഭീകര, പ്രാദേശിക വിഭാഗീയതകളുടെ പേരിൽ നടക്കുന്ന അനീതികൾക്കെതിരെ പൊതുജനത്തെ കർമരംഗത്തിറക്കാനാണ് ജമാഅത്ത് ഈ യാത്രകൾ സംഘടിപ്പിക്കുന്നത്- അദ്ദേഹം പറഞ്ഞു.




*മുംബൈ സമ്മേളനത്തിൽ അലൻ ഹർട്ട് മുഖ്യപ്രഭാഷണം നടത്തുന്നു*

പ്രശസ്ത സാമൂഹിക പ്രവർത്തകനും ആൾ ഇന്ത്യാ സെക്യുലർ ഫോറം മഹാരാഷ്ട്ര സംസ്ഥാന പ്രസിഡന്റുമായ ഡോ. സുരേഷ് ഖൈർനാർ സംസാരിച്ചു. രാജ്യത്തെ വലിയൊരു വിഭാഗം ജനത ഭീകരമുദ്ര ചാർത്തപ്പെട്ട് മാറ്റിനിർത്തപ്പെടുമ്പോൾ നാട്ടിൽ വികസനം ഉണ്ടെന്ന് താൻ വിശ്വസിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. ജമാഅത്തിന്റെ യാത്രയിൽ മുഴുവൻ സമയ പങ്കാളിയാവാനുള്ള തീരുമാനവും അദ്ദേഹം വേദിയിൽ പ്രഖ്യാപിച്ചു. പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ശുഭ്രദീപ് ചക്രവർത്തി, ഫത്തേഹ്പുരി മസ്ജിദ് ശാഹി ഇമാം മുഫ്തി മുകർറം, ജമാഅത്ത് ദേശീയ സെക്രട്ടറിമാരായ മുജ്തബാ ഫാറൂഖ്, ഗുലാം അക്ബർ, എസ്.ഐ.ഒ ദേശീയ ജനറൽ സെക്രട്ടറി ഹശ്മത്തുല്ലാ ഖാൻ, *ദഅ്വത്ത്* പത്രാധിപർ പർവാസ് റഹ്മാനി എന്നിവരും സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തിനു മുമ്പ് ദൽഹി പ്രസ് ക്ലബ്ബിൽ പത്രസമ്മേളനം നടന്നു.

## ഉത്തർപ്രദേശ്

അഖിലേന്ത്യാ അമീറിന്റെ നേതൃത്വത്തിലുള്ള ജാഥ ഉദ്ഘാടന സമ്മേളനത്തിനു ശേഷം നേരിട്ടെത്തിയത് ലഖ്നൗവിലാണ്. റെയിൽവെ സ്റ്റേഷനിൽനിന്ന് പ്രകടനമായാണ് അമീറിനെയും സംഘത്തെയും മൗലവിഗഞ്ചിലുള്ള സംസ്ഥാന ഓഫീസിലേക്ക് ആനയിച്ചത്. നഗരവീഥികളിൽ നടന്ന പ്രകടനത്തിന് അമീർ നേതൃത്വം നൽകി. ഉച്ചക്കു ശേഷം നടന്ന പത്രസമ്മേളനത്തിൽ അമീറും സംഘവും മാധ്യമപ്രവർത്തകരോട് സംവദിച്ചു. ഗംഗാ പ്രസാദ് ഹാളിൽ നടന്ന സമ്മേളനത്തിൽ അമീർ മുഖ്യപ്രഭാഷണം നിർവഹിച്ചു. ഫോർവേഡ് ബ്ലോക് നേതാവ് രാം കിഷോർ, മൗലാനാ ഖാലിദ് റഷീദ്, ഡോ. സുരേഷ് ഖൈർനാർ, മുജ്തബാ ഫാറൂഖ്, ഹശ്മത്തുള്ള ഖാൻ എന്നിവർ സംസാരിച്ചു. സംസ്ഥാന ഗവർണർക്ക് നിവേദനം നൽകി. മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് പ്രസിഡന്റ് മൗലാനാ റാബിഅ് നദ്‌വിയുമായും നഗരത്തിലെ സാമൂഹിക രാഷ്ട്രീയ, മത രംഗത്തുള്ള പ്രമുഖരുമായും അമീർ കൂടിക്കാഴ്ച നടത്തി.

ഉത്തർപ്രദേശ് സംസ്ഥാന ജാഥയുടെ ഉദ്ഘാടനം സംസ്ഥാന ഓഫീസിൽ അഖിലേന്ത്യാ അമീർ നിർവഹിച്ചു. സംസ്ഥാന ആക്ടിംഗ് അമീർ സഫ്ദർ സുൽത്താൻ ഇസ്‌ലാഹി, ഡോ. അഹ്മദ് സജ്ജാദ്, ഹാഫിസ് മൻസൂർ ആലം, മുഹമ്മദ് നഈം, ഹഹീബ് അഹ്മദ് തുടങ്ങിയവർ ജാഥക്ക് നേതൃത്വം നൽകി. റാംപൂർ, മുറാദാബാദ്, ശൈറാബാദ്, മിനൻപൂർ, ബറേലി, ഖാൻഡ തുടങ്ങിയ പട്ടണങ്ങളിൽ ജാഥ സ്വീകരണങ്ങൾ ഏറ്റുവാങ്ങി.

ഭീകരവാദത്തിന്റെ കളിത്തൊട്ടിലായി കരിവാരിത്തേക്കപ്പെട്ടതു മൂലം ആയിരങ്ങളുടെ ജീവിതം നരകതുല്യമായിത്തീർന്ന അഅ്സംഗഢിൽ ദേശീയ ജാഥക്ക് വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. ഉലമാ കൗൺസിലാണ് സ്വീകരണച്ചടങ്ങുകൾക്ക് ചുക്കാൻ പിടിച്ചത്. 5000ത്തിലധികം പേർ സംബന്ധിച്ച പൊതു സമ്മേളനത്തിൽ ജാഥാ ക്യാപ്റ്റൻ കൂടിയായ അഖിലേന്ത്യാ അമീർ നടത്തിയ ഉജ്ജ്വല പ്രഭാഷണം ജനങ്ങൾക്ക് ആത്മവിശ്വാസവും കരുത്തും പകരുന്നതായിരുന്നു. അനീതിക്കെതിരെ ശക്തമായി എഴുന്നേറ്റുനിൽക്കേണ്ട സമുദായം അന്യരോട് സഹതാപം ഇരന്നു വാങ്ങുന്ന ഗതികേടിലാണെന്ന് അദ്ദേഹം പറഞ്ഞു. സ്വന്തം കാലിൽ ആർജവത്തോടെ നിൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇസ്‌ലാമിക പണ്ഡിതന്മാരുടെയും ഇതര മതാചാര്യന്മാരുടെയും സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു വേദി. ബട്‌ല ഹൗസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ട ആത്വിഫ്, സാജിദ് എന്നിവരുടെയും അന്യായമായി തടങ്കിലാക്കപ്പെട്ടവരുടെയും വീടുകൾ സന്ദർശിച്ച അമീറും സംഘവും ബന്ധുക്കളെ ആശ്വസിപ്പിച്ചു.

## മഹാരാഷ്ട്ര

ജമാഅത്ത് ജനറൽ സെക്രട്ടറി നുസ്രത്ത് അലി സാഹിബിന്റെ നേതൃത്വത്തിലുള്ള ജാഥയാണ് മുംബൈ നഗരത്തിൽ എത്തിയത്. ആസാദ് മൈദാൻ മുതൽ കുർള വരെ നൂറുക്കണക്കിനാളുകൾ പങ്കെടുത്ത റാലിക്ക് ജാഥാ ക്യാപ്റ്റൻ നേതൃത്വം നൽകി. വിവിധ സ്ഥലങ്ങളിൽ റാലിക്ക് സ്വീകരണങ്ങൾ ലഭിച്ചു. എസ്.ഐ.ഒ പ്രവർത്തകർ അവതരിപ്പിച്ച തെരുവ് നാടകം ശ്രദ്ധേയമായിരുന്നു. പ്രശസ്ത മാധ്യമപ്രവർത്തക പ്രീത് മാ ജോഷി, രാംപുനിയാനി, ശുഭ്രദീപ് ചക്രവർത്തി എന്നിവർ പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്തു.

'നീതിയും സമാധാനവും' എന്ന തലക്കെട്ടിൽ നടന്ന സിമ്പോസിയത്തിൽ *ബി.ബി.സി* മുൻ അവതാരകനും സയണിസ്റ്റ് കുതന്ത്രങ്ങളെക്കുറിച്ച് ശ്രദ്ധേയ




*ബാംഗ്ലൂർ റാലി*

മായ പഠനങ്ങൾ നടത്തുകയും ചെയ്ത അലൻ ഹാർട്ട് മുഖപ്രഭാഷണം നടത്തി. രാംപുനിയാനി, പ്രീത്മാ ജോഷി, ശുഭ്ര ദീപ് ചക്രവർത്തി, നുസ്രത്ത് അലി, കേന്ദ്ര ശൂറാംഗം ഡോ. എസ്.ക്യൂ.ആർ ഇൽയാസ്, സംസ്ഥാന അമീർ നസർ മദ്ഊ, എസ്.ഐ.ഒ ജനറൽ സെക്രട്ടറി ഹശ്മത്തുല്ലാ ഖാൻ, പി.ആർ സെക്രട്ടറി കെ.കെ സുഹൈൽ എന്നിവർ സംസാരിച്ചു.

സംസ്ഥാന ജാഥക്ക് ഹൽഖാ അമീർ നേതൃത്വം നൽകി. സംസ്ഥാന പി.ആർ സെക്രട്ടറി അസ്‌ലം ഗാസി, മീഡിയ സെക്രട്ടറി അജ്ദുൽ മുജീബ് ആദിൽ, എസ്.ഐ.ഒ, എം.പി.ജെ ഭാരവാഹികൾ തുടങ്ങിയവർ ജാഥാ ക്യാപ്റ്റനെ അനുഗമിച്ചു.

നാഗ്പൂരിൽ നടന്ന റാലിയിൽ നൂറുകണക്കിനാളുകൾ പങ്കെടുത്തു. പൊതുസമ്മേളനത്തിൽ നുസ്രത്ത് അലി, ജമാഅത്ത് കേന്ദ്ര ശൂറാംഗം ഡോ. എസ്.ക്യു.ആർ ഇൽയാസ്, അശോക് ദേശ്മുഖ് (മറാത്ത സേവാ സംഘ്), രാജു ജശ്താപ്, ജൂഹീർ അൻസാരി (മുസ്‌ലിം ലീഗ്), ഷിറാസ് അഹ്മദ്, സുധൻ ഷു മുഹമ്മദ് (സംഭാജി ബ്രിഗേഡ്), ബഷീർ പട്ടേൽ, മതാചാര്യന്മാരായ ബ്രജേഷ് ചന്ദൻ സിംഗ്, അമോർ സർദാർ തുടങ്ങിയവർ സംസാരിച്ചു.

സ്ഫോടന വിവാദങ്ങൾകൊണ്ട് മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന നന്ദേഡ് നഗരത്തിലും ജമാഅത്ത് ജാഥ ആവേശത്തിരയിളക്കി. ജമാഅത്ത് സംസ്ഥാന നേതാക്കൾക്കു പുറമെ ഹൈന്ദവാചാര്യനായ ശ്രീകാന്ത് ജോഷി, ബുദ്ധാചാര്യനായ ഗ്യോർതൻ ഗ്യാനി, സിഖ് നേതാവായ അമർജിത് സിംഗ് എന്നിവരും പരിപാടികളിൽ സംബന്ധിച്ചു. എസ്.ഐ.ഒ-ജമാഅത്ത് പ്രവർത്തകർ ബൈക്ക് റാലി നടത്തി. പൂനയിൽ നടന്ന മനുഷ്യചങ്ങലക്ക് ജമാഅത്ത് പ്രാദേശിക അമീർ അസ്ഹർ അലി പാർസി, രാഷ്ട്രീയ മൂൽ നിവാസി സംഘ് പ്രസിഡന്റ് കുമാർ അലെ തുടങ്ങിയവർ നേതൃത്വം നൽകി.

## കർണാടക

പൊതുജന പങ്കാളിത്തം കൊണ്ടും സംഘാടന മികവുകൊണ്ടും കർണാടകയിലെ ദേശീയ-സംസ്ഥാന ജാഥകൾ ജനശ്രദ്ധ നേടി. സംസ്ഥാനത്തെ മാധ്യമങ്ങൾ വൻ കവറേജാണ് ജാഥകൾക്ക് നൽകിയത്. സ്ത്രീകളുടെ പങ്കാളിത്തം പലയിടങ്ങളിലും പുരുഷന്മാരേക്കാൾ കൂടുതലായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ എംബ്ലം ആലേഖനം ചെയ്ത ശുഭ്ര പതാകകൾ സംസ്ഥാനത്തുടനീളമുള്ള ജാഥകളുടെ ആകർഷണീയത വർധിപ്പിച്ചു.

ബാംഗ്ലൂർ നഗരം ചുറ്റിയ ജാഥക്ക് ശേഷം പാലസ് ഗ്രൗണ്ടിൽ നടന്ന പൊതുസമ്മേളനത്തിൽ 12,000 അധികം ആളുകളാണ് തടിച്ചുകൂടിയത്. പതാകകളും ബാനറുകളും പ്ലക്കാർഡുകളും കൊണ്ട് നഗരി അലംകൃതമായിരുന്നു. പ്രശസ്ത എഴുത്തുകാരനും വിദ്യാഭ്യാസ വിചക്ഷണനുമായ യു.ആർ അനന്തമൂർത്തിയാണ് മുഖ്യപ്രഭാഷണം നടത്തിയത്. “ഇന്ത്യ നിങ്ങളുടേതാണ്; ഇവിടെ നിങ്ങൾ ഭയം കൂടാതെ ജീവിക്കൂ” എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം തുടങ്ങിയത്. സ്വാമി അഗ്നിവേശ്, എൻ.വി നരസിംഹയ്യ (എഫ്.ഡി.സി.എ), റവ. വിൻസന്റ് രാജ് കുമാർ, അഖിലേന്ത്യാ അമീർ, ജമാഅത്ത് ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ്, എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് ബിശ്റുദ്ദീൻ ശർഖി, സംസ്ഥാന അമീർ അബ്ദുല്ല ജാവേദ് എന്നിവർ സംസാരിച്ചു.

ആവേശകരമായ വരവേൽപ്പാണ് സംസ്ഥാന ജാഥക്ക് ഭട്കലിൽ ലഭിച്ചത്. ജമാഅത്ത് ദേശീയ സെക്രട്ടറിയും കർണാടക മുൻ അമീറുമായ ഇഖ്ബാൽ മുല്ലയായിരുന്നു ജാഥ നയിച്ചത്. 3000ന്നിലധികം ആളുകൾ റാലിയിലും പൊതുയോഗത്തിലും പങ്കെടുത്തു. ബൈക്കുകളും ഓട്ടോകളും കാറുകളും റാലിയെ അനുഗമിച്ചു. ഫാ. അൽഫോൺസ്, റിക്ഷാ യൂനിയൻ പ്രസിഡന്റ് നാഗരാജ്, പ്രാദേശിക അമീർ അക്ബറലി എന്നിവർ സംസാരിച്ചു. തഹസിൽദാർക്ക് നിവേദനം നൽകി.

മംഗലാപുരത്തെത്തിയ ദേശീയജാഥക്ക് ആയിരങ്ങൾ സ്വീകരണം നൽകി. ടൗൺഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അഖിലേന്ത്യാ അമീർ മുഖ്യപ്രഭാഷണം നടത്തി. ഡോ. ചന്ദ്രശേഖര ശിവയോഗി രാജേന്ദ്ര സ്വാമിജി, മുജ്തബാ ഫാറൂഖ്, ബിശ്റുദ്ദീൻ ശർഖി, അബ്ദുല്ല ജാവേദ് എന്നിവർ സംസാരിച്ചു. നേരത്തേ സ്ത്രീകളടക്കം ആയിരക്കണക്കിനാളുകൾ പങ്കെടുത്ത റാലിയും നടന്നു.

മൈസൂരിലെത്തിയ സംസ്ഥാന ജാഥക്ക് ആവേശകരമായ സ്വീകരണം ലഭിച്ചു. ബിഷപ്പ് റവ. ഡോ. തോമസ് ആന്റണി വാഴപ്പിള്ളി സമ്മേളനം ഉദ്ഘാടനം ചെയ്തു. മൗലാനാ മഖ്ബൂൽ അഹ്മദ് നിസാമി, അൽതാഫ് അഹ്മദ്, കൺവീനർ മുഹമ്മദ് ഫാറൂഖ് നഫ്താർ, ‘ശാന്തിപ്രകാശന’ മാനേജർ മുഹമ്മദ് കുഞ്ഞി, ഗ്രേഷ്യൻ റോഡ്രിഗ്രൂസ് തുടങ്ങിയവരും സംബന്ധിച്ചു. ഡെപ്യൂട്ടി കമീഷണർക്ക് ബിഷപ്പ് നിവേദനം നൽകി. 600ഓളം ആളുകൾ പ്രകടനത്തിൽ പങ്കെടുത്തു.

ഹുബ്ലിയിൽ നടന്ന പൊതുയോഗത്തിൽ സ്ത്രീകളടക്കം നൂറുകണക്കിനാളുകൾ പങ്കെടുത്തു. കേന്ദ്ര ശൂറാംഗം മൗലാനാ അബ്ദുൽ അസീസ്, സംസ്ഥാന ശൂറാംഗം മൗലാനാ അബ്ദുൽ ഹസീബ്, മുജാഹിദ് പാഷാ




*രാജസ്ഥാനിലെ ഒരു റാലിയിൽനിന്ന്*

ഖുറൈശി, മൗലാനാ ഫഹീമുദ്ദീൻ, മുഹമ്മദ് സാകിർ ഹുസൈൻ എന്നിവർ സംസാരിച്ചു. നഗരത്തിൽ നടന്ന റാലി ഹോസ മഠത്തിലെ ചന്ദ്രശേഖര സ്വാമിജി ഉദ്ഘാടനം ചെയ്തു.

കർണാടക ഹൽഖയുടെ കീഴിലുള്ള ഗോവയിലും ജാഥ എത്തി. പനാജിയിൽ നടന്ന പൊതുസമ്മേളനത്തിൽ ജമാഅത്ത് ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ്, അരവിന്ദ് ഭട്യാകർ, ഫാ. വിക്ടർ ഫെറാഒ, സബീന മാർട്ടിൻസ്, വെങ്കടേശ് ഹെഗ്ഡേ, പ്രജൻ ശങ്കർദന്തെ, ശ്രീധർ കാമത്ത്, ഡോ. നന്ദകുമാർ തുടങ്ങിയവർ സംബന്ധിച്ചു.

മൂന്ന് സംസ്ഥാന ജാഥകളാണ് കർണാടകയിൽ സംഘടിപ്പിച്ചത്. ബെൽഗാം, ബിജാബൂർ, ബീദർ, ബാഗൽകോട്ട്, ഹമാനാബാദ്, ഹുബ്ലി, ഇല്ലിക്കൽ, ഗോവ, കൊപ്പൽ, ഗുൽബർഗ, ഉടുപ്പി, കുഡഗ്, യദ്ഗിർ, റെയ്ച്ചൂർ, ഹരിഹർ, സകലേഷ്പൂർ, അരേഹള്ളി, അലൂർ, ദാവംഗരെ, മാൻവി, സിദ്ധന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ ലഭിച്ചു. സംസ്ഥാനത്തൊട്ടാകെ ഒരു ലക്ഷത്തിലധികം ആളുകൾ ജാഥാ പരിപാടികളിൽ പങ്കെടുത്തു. കർണാടകയിൽ മുസ്‌ലിം തീവ്രവാദത്തിന് വേരൂന്നാൻ കഴിയില്ല എന്ന് തെളിയിക്കുന്നതു കൂടിയായിരുന്നു സംസ്ഥാനത്തുടനീളം നടന്ന ആവേശകരമായ പരിപാടികൾ.

## രാജസ്ഥാൻ

സംസ്ഥാന ജാഥ സവായ് മാധേപൂർ, ബാരൻ, കോട്ട, അജ്മീർ, ജോധ്പൂർ, നഗൗർ, സികർ എന്നീ ജില്ലകളിൽ പര്യടനം നടത്തി. സംസ്ഥാന അമീറും ദേശീയ ശൂറാംഗവുമായ എഞ്ചിനീയർ സലീം ജാഥക്ക് നേതൃത്വം നൽകി. ദേശീയ ശൂറാംഗം എസ്. അമീനുൽ ഹസൻ മുഖ്യാതിഥിയായിരുന്നു. സാമൂഹിക പ്രവർത്തകർ, അധ്യാപകർ, വിദ്യാർഥികൾ, മതനേതാക്കൾ തുടങ്ങിയവർ ജാഥയെ അനുഗമിച്ചു.

ഖയ്യിമെ ജമാഅത്തിന്റെ നേതൃത്വത്തിലുള്ള ദേശീയജാഥക്ക് ജയ്പൂരിൽ വമ്പിച്ച സ്വീകരണം നൽകി. ഡോ. എസ്.ക്യൂ.ആർ ഇൽയാസ് സംബന്ധിച്ചു.

## ആന്ധ്രപ്രദേശ്

ഹൈദാറാബാദിൽ സ്ത്രീകളടക്കം ആയിരത്തിലധികം ആളുകൾ സ്വീകരണ പരിപാടികളിൽ പങ്കെടുത്തു. അഖിലേന്ത്യാ അമീർ മുഖ്യപ്രഭാഷണം നടത്തി. ഡോ.സുരേഷ് ഖൈർനാർ, പ്രഫ. കാഞ്ച ഇലയ്യ, പ്രശസ്ത കോളമിസ്റ്റ് അമരീഷ് മിശ്ര, അബ്ദുർറഹീം ഖുറൈശി (മജ്‌ലിസെ തഅ്മീറേ മില്ലത്ത്), ഡോ. ആർ.എം മണ്ഡൽ, റിട്ട. ചീഫ് ജസ്റ്റിസ് എ.പി സർദാർ അലിഖാൻ, കെ.പി. ചൗധരി, ഹശ്മത്തുല്ലാ ഖാൻ, സംസ്ഥാന അമീർ മലിക് മുഅ്തസിം ഖാൻ എന്നിവർ സംബന്ധിച്ചു.

നേരത്തേ എസ്.എസ്.ഒ, എം.പി.ജെ പ്രവർത്തകർ നഗരത്തിൽ ഉജ്ജ്വല പ്രകടനം നടത്തി.

നിസാമാബാദിൽ നടന്ന പരിപാടിയിൽ, മുസ്‌ലിംകൾ തെലുങ്കാന സംസ്ഥാനത്തെ അനുകൂലിക്കുന്നു എന്ന സംസ്ഥാന അമീറിന്റെ പ്രഖ്യാപനം മാധ്യമങ്ങൾ ഏറെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ് സംബന്ധിച്ചു.

## ബീഹാർ

ദേശീയ ജാഥക്ക് പാറ്റ്നയിൽ സ്വീകരണം നൽകി. ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ്, സംസ്ഥാന അമീർ ഖമറുൽ ഹുദ, ഡോ. സുരേഷ് ഖൈർനാർ, വിവിധ മതനേതാക്കൾ തുടങ്ങിയവർ സംബന്ധിച്ചു. സംസ്ഥാനജാഥ കാതിഹർ, പൂർണിയ, അരരിയ, ഹേർബിസ് ഗഞ്ച്, ഭഗൽപൂർ, ജാമുഇ, ദർബംഗ മസഫർപൂർ എന്നിവിടങ്ങളിൽ പര്യടനം നടത്തി.

## പശ്ചിമബംഗാൾ

കൊൽക്കത്തയിൽ നടന്ന ആവേശോജ്ജ്വലമായ പൗരസ്വീകരണത്തിൽ ദേശീയ ജാഥാ ക്യാപ്റ്റൻ ജലാലുദ്ദീൻ അൻസ്വർ ഉമരി മുഖ്യപ്രഭാഷണം നടത്തി. ആയിരങ്ങൾ തടിച്ചുകൂടിയ പൊതുസമ്മേളനത്തിൽ അമീറിന്റെ വാക്കുകൾക്ക് ജനം ഉച്ചത്തിൽ ഒരുമിച്ച് മറുപടി നൽകി. ദേശീയ സെക്രട്ടറി മുജ്തബാ ഫാറൂഖ്, അസി. സെക്രട്ടറിമാരായ ഇൻതിസാർ നഈം, റഫീഖ് അഹ്മദ്, എസ്.ഐ.ഒ അഖിലേന്ത്യാ പ്രസിഡന്റ് ബിശ്റുദ്ദീൻ ശർഖി, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ റഹ്മത്ത് അലി ഖാൻ, മുൻ സംസ്ഥാന അമീർ ഡോ. റഈസുദ്ദീൻ സംബന്ധിച്ചു. നേരത്തേ നഗരത്തിൽ ഉജ്ജ്വല പ്രകടനവും തെരുവ് നാടകവും നടന്നു. സംസ്ഥാന ജാഥ വിവിധ ജില്ലകളിൽ പര്യടനം നടത്തി.

## ഗുജറാത്ത്

ഖയ്യിമെ ജമാഅത്തിന്റെ നേതൃത്വത്തിലുള്ള ദേശീയ ജാഥക്ക് അഹ്മദാബാദിൽ സ്വീകരണം നൽകി. പൊതുസമ്മേളനത്തിൽ മുകുൾ സിൻഹ, ശുഭ്രദീപ് ചക്രവർത്തി സംബന്ധിച്ചു. അഹ്മദാബാദ് ഐ.ഐ.എമ്മിൽ നടന്ന പരിപാടിയിൽ ഡോ. എസ്.ക്യൂ.ആർ ഇൽയാസ്, ഹശ്മത്തുല്ലാ ഖാൻ എന്നിവർ വിദ്യാർഥികളുമായി ദീർഘനേരം സംവദിച്ചു. അഹ്മദാബാദ് സർവകലാശാലയിലും പരിപാടി സംഘടിപ്പിക്കപ്പെട്ടു. ഗുരുകുൽ മന്ദിറിൽ നടന്ന മതനേതാക്കളുടെ സംഗമം, സന്നദ്ധ സംഘടനകളുടെ സംഗമം എന്നിവയും ശ്രദ്ധേയമായി. സംസ്ഥാന ജാഥ വിവിധ ജില്ലകളിൽ പര്യടനം നടത്തി. ബറോഡയിലും ദേശീയ ജാഥക്ക് സ്വീകരണം നൽകി.

തമിഴ്നാട്, മധ്യപ്രദേശ്, ജാർഖണ്ഡ്, ആസാം സംസ്ഥാനങ്ങളിലും പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ■